KERALA UNIVERSITY OF HEALTH SCIENCES

THRISSUR- 680596



ഡോ. വി.വി.ഉണ്ണിക്കൃഷ്ണൻ
ഡീൻ (അക്കാദമിക്)

## ഓൺലൈൻ പഠനത്തിന്
## കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ മാർഗ നിർദ്ദേശങ്ങൾ

കോവിഡ് 19 പാൻഡമിക് പ്രതിരോധത്തിനായി രാജ്യം ഒറ്റക്കെട്ടായി കരുതലോടെയിരിക്കുന്ന ഈ കാലഘട്ടത്തിൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല തങ്ങളുടെ അഫിലിയേറ്റഡ് കോളേജ് വിദ്യാർഥികൾക്ക് ഓൺലൈൻ പഠനത്തിന് ഉപകരിക്കുന്ന ക്രിയാത്മകമായ മാർഗ നിർദ്ദേശങ്ങളുമായി രംഗത്തെത്തി.

ക്ലാസ്സുകൾ സസ്പെൻഡ് ചെയ്യപ്പെട്ടതിനാൽ വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിട്ടു നിൽക്കുന്ന ഈ സാഹചര്യത്തിൽ, അദ്ധ്യാപനവും പഠനവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മുന്നോട്ടു കൊണ്ടുപോകാനാണ് സർവകലാശാല നിർദ്ദേശം നൽകിയിരിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ, ചെറു പരീക്ഷകൾ, ഓൺലൈൻ നോട്ടുകൾ, വിദ്യാഭാസ വീഡിയോകൾ, ക്വിസ്സ് പ്രോഗ്രാമുകൾ, ഓൺലൈൻ അസൈൻമെന്റുകൾ, വീഡിയോ കോൺഫറൻസിംഗ് ഉപയോഗിച്ചുള്ള പരിപാടികൾ, മൂഡിൽ പോലുള്ള ആധുനിക ലേണിംഗ് പ്ളാറ്റ്ഫോമുകൾ വഴി വിതരണം ചെയ്യാവുന്ന മോഡ്യൂളുകൾ, ആപ്പുകൾ ആയി രൂപപ്പെടുത്തിയ പഠന സഹായ സാമഗ്രികൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന അദ്ധ്യാപന-പഠന സംവിധാനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം. കുട്ടികൾ ഇവ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.

ഈ പ്രവർത്തനങ്ങളിൽ ആരോഗ്യ സർവകലാശാല നൂതന വിദ്യാഭ്യാസ രീതികളിൽ പരിശീലനം നൽകിയിട്ടുള്ള ഇരുന്നൂറോളം അദ്ധ്യാപകരുടെ സേവനം 'വർക്കിംഗ് ഫ്രം ഹോം' മാതൃകയിൽ ഉപയോഗപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന നല്ല മാതൃകകളെ സർവകലാശാല പ്രോൽസാഹിപ്പിക്കുന്നതും, ഭാവിയിൽ സർവകലാശാലയുടെ മുൻകയ്യിൽ തന്നെ നടപ്പാക്കാൻ സഹായിക്കുന്നതുമായിരിക്കും.

********

24-3-2020